e-mail: gssbsukc@yahoo.co.in
Phone: 0471-2961914
0471-2192246

# സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)

(അഫിലിയേറ്റഡ് ടു ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ)

കത്തുകൾ അയക്കേണ്ട വിലാസം
ജനറൽ സെക്രട്ടറി

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
പൂജപ്പുര,തിരുവനന്തപുരം-695 012

സർക്കുലർ നമ്പർ 14/22

തീയതി: 01.01.2022

പ്രിയ സഖാക്കളേ,

## വീണ്ടുമൊരു പുതു വർഷത്തിലേക്ക്

വീണ്ടുമൊരു പുതുവർഷം കൂടി കടന്നുവരുന്നു. ആശങ്കകൾ മാത്രം ബാക്കിവച്ചാണ് കഴിഞ്ഞ വർഷത്തെ പോലെ ഈ വർഷവും പുതുവത്സരത്തെ വരവേൽക്കുന്നത്.

ലോകം സൂക്ഷ്മാണുവിന്റെ വിളയാട്ടത്തിൽ നിന്നു പതിയെ മോചിതമായിക്കൊണ്ടിരിക്കുന്നു. വൈറസ് വകഭേദങ്ങൾ വീണ്ടും വീണ്ടും നമ്മെ അലോസരപ്പെടുത്തുന്നു. ശാസ്ത്രലോകം അതിസങ്കീർണ്ണമായ പരീക്ഷണ-നിരീക്ഷണങ്ങളിലൂടെ മാനവരാശിയുടെ സംരക്ഷണത്തിനായി കവചം തീർക്കുന്നു. സാമൂഹ്യ-സാമ്പത്തിക രംഗങ്ങൾ ഉണർവ്വ് പ്രകടമാക്കി തുടങ്ങിയിരിക്കുന്നു. പ്രത്യാശയുടെ രജതരേഖകൾ തെളിഞ്ഞു വരുന്നത് ആശാവഹമായ സ്ഥിതിവിശേഷമാണ്.

മനുഷ്യകുലം തന്നെ ആശങ്കയുടെ മുൾമുനയിൽ നിൽക്കുമ്പോഴും തൊഴിലാളി വിരുദ്ധ സമീപനങ്ങളാണ് ഇന്ത്യൻ ഭരണവർഗ്ഗം പിൻതുടരുന്നത്. തൊഴിൽ നിയമങ്ങൾ പൊളിച്ചെഴുതുകയും, പ്രതിരോധ-സാമ്പത്തിക-പൊതുഗതാഗത-ഗവേഷണ മേഖലകളെയടക്കം സ്വകാര്യവത്ക്കരിക്കുന്ന നയം അത്യന്തം അപകടകരമായ രീതിയിൽ മുന്നോട്ട് കൊണ്ടു പോകുകയും ചെയ്യുകയാണ് അധികാരി വർഗ്ഗം. പൊതുമേഖലാ സംരക്ഷണം എന്ന മുദ്രാവാക്യമുയർത്തി 2021 വർഷാന്ത്യത്തിൽ ഐതിഹാസികമായ ദ്വിദിന പണിമുടക്കിലേക്ക് നാം നീങ്ങുകയുണ്ടായി. താത്കാലികമായി സ്വകാര്യവത്ക്കരണം സംബന്ധിച്ച ബിൽ മാറ്റി വയ്ക്കപ്പെട്ടു എങ്കിലും ആശങ്കകൾ അകറ്റപ്പെടുന്നില്ല. കൂടുതൽ ശക്തമായ തൊഴിലാളി മുന്നേറ്റങ്ങളാണ് കാലം നമ്മോട് ആവശ്യപ്പെടുന്നത്.

മഹാമാരിക്കാലത്തും ഇടതടവില്ലാതെ ഇന്ത്യൻ ബാങ്കിംഗ് മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ഊർജ്ജം പകർന്ന പ്രിയ സഖാക്കളെ ഹൃദയത്തോട് ചേർത്ത് അഭിവാദ്യം ചെയ്യുന്നു. ഇനിയുമൊരുപാട് പ്രതിരോധങ്ങളും പ്രതിഷേധങ്ങളും വേണ്ടുന്ന കാലത്തേക്ക് നാം കടക്കുകയാണ്. പഴയൊരു തലമുറ കൈമാറിയ നാടിന്റെ സ്വപ്നങ്ങളെ പോറലേൽപ്പിക്കാതെ വരുമൊരു തലമുറയ്ക്കായി പകർന്നു നൽകാൻ നാം ബാദ്ധ്യസ്ഥരാണ്. ഈ മഹാമാരിക്കാലത്തുപോലും പൊതുമേഖലാ സംരക്ഷണം എന്ന പ്രതിരോധ പ്രവർത്തനങ്ങളിൽ നമുക്ക് വിശ്രമമില്ല.

**നല്ല നാളെക്കായി ശുഭപ്രതീക്ഷയോടെ... പുതുവത്സരാശംസകൾ**

(ഫിലിപ്പ് കോശി)
ജനറൽ സെക്രട്ടറി